1. ടെക്നിക്കൽ ബിഡ് ഇവാലുവേഷൻ - ലഭിച്ച ബിഡുകൾ ടെണ്ടറിൽ വ്യവസ്ഥ ചെയ്ത് മാനദണ്ഡങ്ങൾക്കനുസരിച്ചാണോ എന്ന് പരിശോധിച്ച് പൂർണ്ണമായും ടെണ്ടർ വ്യവസ്ഥകൾ പാലിച്ച കമ്പനികളെ ഷോർട്ട് ലിസ്റ്റ് ചെയ്യുന്നു.

2. ഷോട്ട് ലിസ്റ്റ് ചെയ്ത കമ്പനികളുടെ പ്രൈസ് ബിഡ് ഓപ്പൺ ചെയ്യുകയും വിശദമായി പരിശോധിക്കുകയും ചെയ്യുന്നു. ഏറ്റവും കുറഞ്ഞ തുക വാഗ്ദാനം ചെയ്യുന്ന കമ്പനിയെയാണ് സെലക്ട് ചെയ്യുന്നത്. ഇത്തരത്തിൽ സെലക്ട് ചെയ്യപ്പെട്ട കമ്പനി M/s Bhawan Cyber Tek ആണ്. അവരുടെ കാട്ടിയ തുക 19.5 കോടി രൂപയാണ്.

(എച്ച്) പ്രൈസ് ബിഡ് തുറക്കാൻ ടെണ്ടർ വ്യവസ്ഥ പ്രകാരം അർഹത നേടിയ കമ്പനികളും അവർ കാട്ടിയ തുകയും താഴെ ചേർക്കുന്നു:

ക്രമ നമ്പർ	കമ്പനി	കാട്ടിയതുക
1	M/s Bhawan Cyber Tek	19,50,14,968
2	M/s KPIT	25,36,95,000
3	M/s.L&T	29,50,23,624
4	M/s.Wipro	20,53,25,680

(ഐ) ടെണ്ടർ നടപടിക്രമങ്ങളിൽ തിരിമറികൾ നടന്നിട്ടുള്ളതായി അറിവില്ല.

മഴവെള്ള സംഭരണികൾ

132 (6837) ശ്രീമതി കെ. കെ. രമ്യ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജലക്ഷാമം നേരിടുന്നതിന് മഴവെള്ള സംഭരണികൾ സ്ഥാപിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) എല്ലാ സർക്കാർ കെട്ടിടങ്ങളോടനുബന്ധിച്ചും പോർട്ടബിൾ മഴവെള്ള സംഭരണികൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. സംസ്ഥാനത്തെ ജലക്ഷാമം നേരിടുന്നതിനായി കേരള വാട്ടർ അതോറിറ്റിയിൽ കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടെ

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റെടുക്കുന്ന മഴവെള്ള സംഭരണ പദ്ധതിയായ വർഷ പദ്ധതി 2002 മുതൽ നടപ്പിലാക്കിവരുന്നു. വർഷകാലത്ത് വീടിന്റെ മേൽക്കൂരയിൽ പതിക്കുന്ന മഴവെള്ളം ശാസ്ത്രീയമായി ടാങ്കിൽ ശേഖരിച്ച് സുരക്ഷിതമായി സൂക്ഷിച്ച് വേനൽക്കാലത്ത് ഉപയോഗിക്കാവുന്നതാണ്. പദ്ധതിയുടെ ചെലവിന്റെ 90 ശതമാനം കേന്ദ്രസഹായവും 10 ശതമാനം ഉപഭോക്തൃവിഹിതവുമാണ്. എൻ.ജി.ഒ. മുഖേനയാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. കേരള വാട്ടർ അതോറിറ്റി 2002 മുതൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലായി 5187 യൂണിറ്റുകളുടെ പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇപ്പോൾ അട്ടപ്പാടിയുടെ നവീകരണത്തിനായി കേന്ദ്ര സർക്കാരിന്റെ എസ്.ടി.-എൻ.ആർ.ഡി.ഡബ്ല്യു.പി.യിൽ ഉൾപ്പെടുത്തി സ്കൂളുകളിലേക്കും കോളനികളിലും മഴവെള്ള സംഭരണ യൂണിറ്റുകൾ നിർമ്മിക്കുന്നതിനുവേണ്ടി 130 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. ഇതുകൂടാതെ എ.ആർ.ഡബ്ല്യു.എസ്.എസ്.-ലെ എസ്.സി./ എസ്.ടി. പദ്ധതിയിൽപ്പെടുത്തി കുട്ടനാട് താലൂക്കിൽ 5 വീടുകൾക്ക് 25000 ലിറ്റർ ശേഷിയുള്ള ഒരു യൂണിറ്റ് എന്ന കണക്കിൽ 10 മഴവെള്ള സംഭരണ യൂണിറ്റുകൾക്കായുള്ള പണികൾ പുരോഗമിക്കുന്നു.

കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസിയുടെ ഭാഗമായി പ്രവർത്തിക്കുന്ന 'മഴകേന്ദ്രം' മഴവെള്ളം ശേഖരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കിവരുന്നു. സ്റ്റേറ്റ് പ്ലാൻ പദ്ധതിയിൽപ്പെടുത്തി 10000 ലിറ്റർ ശേഷിയുള്ള സംഭരണികൾ എ.പി.എൽ. വിഭാഗത്തിൽപ്പെടുന്നവർക്ക് 90% സബ്സിഡി നിരക്കിലും ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നവർക്ക് 95% സബ്സിഡി നിരക്കിലും നിർമ്മിച്ച് നൽകുന്നു. 2012-13 സാമ്പത്തിക വർഷം അനുവദിച്ച 8.02 കോടി രൂപ ഉപയോഗിച്ച് സംസ്ഥാനത്തെ മൂന്ന് ജില്ലകളിലെ ആറ് ഗ്രാമ പഞ്ചായത്തുകളിലായി 1951 കുടുംബങ്ങൾക്ക് സംഭരണികൾ നിർമ്മിച്ചുനൽകി. 2013-14 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ വകയിരുത്തിയ 4 കോടി രൂപ വിനിയോഗിച്ച് രണ്ട് ജില്ലകളിലെ നാല് ഗ്രാമപഞ്ചായത്തുകളിലായി 1125 കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കത്തക്ക രീതിയിൽ പ്രവർത്തി ആരംഭിച്ചിട്ടുണ്ട്. ഈ മേഖലയിൽ പരിചയ സമ്പന്നരായ സന്നദ്ധ സംഘടനകളുടെ സേവനം ഉപയോഗപ്പെടുത്തിയാണ് മഴവെള്ള സംഭരണികൾ നിർമ്മിച്ചുനൽകുന്നത്.

(സി) കേരള വാട്ടർ അതോറിറ്റിക്കോ ജനപ്രതിനിധികൾക്കോ നിവേദനം ലഭിച്ചിട്ടില്ല.

മാവേലിക്കര നഗരത്തിലെ കുടിവെള്ളക്ഷാമം

133 (6838) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മുനിസിപ്പാലിറ്റിയിൽ വാട്ടർ അതോറിറ്റി സ്ഥാപിച്ച വാട്ടർടാങ്കും പമ്പ്ഹൗസും കാലപ്പഴക്കത്താൽ തകർച്ചയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly